


# ധന്യമീനിമിഷം

നിതൃത നൃത്തം വച്ചു
നില്ക്കയാണിവിടത്തെ
കല്പടവികൾക്കാണു–
മീമണൽത്തരിയിലും.

നനവാർന്നൊരീപ്പൂഴി–
മണ്ണിലിന്നലെ വീണ
പദമുദ്രകളോർത്തു
നില്ക്കുമീ മാവും, പണ്ടേ
വയലേലകൾ താണ്ടി
വരുമീ ക്കാറ്റും, മഞ്ഞ
വെയിലിൽ സ്വപ്നം കണ്ടു
നില്ക്കുമീ ക്കുന്നും, കാട്ടു
തെച്ചികൾ വിരിയുന്നൊ–
രീ മലയോരങ്ങളും
മറക്കാനറിയാത്ത
മനസ്സേ! നിനക്കായി
വരയ്ക്കാനിന്നും ചായ–
ച്ചെപ്പുകൾ തുറപ്പൂ ഞാൻ.

നിതൃത ന,ത്തം വച്ചു
നില്ക്കുമീ പ്പടികളി–
ലെത്തുന്ന നേരത്തിതാ
മുഗ്ദ്ധ കൗമാരത്തിന്റെ
കൈവിരൽ പിടിച്ചുകൊ–
ണ്ടിതിലേ നടക്കുമെ–
ന്നോർമ്മകൾ പറയുന്നു:
പണ്ടു നാമിരുന്നതാ–
ണീ മണൽ വിരിപ്പുകൾ
പണ്ടു നാം നടന്നതാ–
ണീ വയൽ വരമ്പുകൾ.

ഇതിലേ, യിന്നും വള-
        ഞ്ഞൊഴുകും നീർച്ചോല ത-
ന്നരികെക്കൂടെ നഗ്ന-
        പാദനായ് നടന്നു ഞാ-
നൊടുവിൽ പ്രശാന്തനായ്
        നീയുറങ്ങുമീ ക്കുന്നിൻ
മുകളിൽ, വിമൂകമീ
        രാത്രിയിലെത്തിച്ചേർന്നു

വാക്കുകൾക്കതീതമീ
        പ്പുണ്യമേഖല ; ഗുരു-
ദേവ! നി പദതാരിൽ
        എന്നെ ഞാനർപ്പിക്കുന്നു.

ധന്യമീ നിമിഷത്തെ-
        യുള്ളിലേയ്ക്കാവാഹിച്ചു
നിന്നു ഞാനൊരു മാത്ര ;
        തുടരുന്നു ഞാൻ യാത്ര. ■